STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.73/PR/SPMC/PHQ/2024 Date:10.12.2024

# പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു; 339 പേർ സേനയുടെ ഭാഗമായി

വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാക്കിയ 339 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പാസിംഗ് ഔട്ട് പരേഡ് തിരുവനന്തപുരത്ത് നടന്നു. എസ്.എ.പി ഗ്രൗണ്ടിൽ നടന്ന പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു.

തിരുവനന്തപുരം എസ്.എ.പി ക്യാമ്പിൽ പരിശീലനം പൂർത്തിയാക്കിയ 52 പേരും എം.എസ്.പി, കെ.എ.പി ഒന്ന്, രണ്ട്, മൂന്ന് ബറ്റാലിയനുകളിൽ നിന്നായി യഥാക്രമം 57 പേരും 35 പേരും 52 പേരും 44പേരുമാണ് പരേഡിൽ പങ്കെടുത്തത്. കെ.എ.പി നാലാം ബറ്റാലിയനിൽ നിന്ന് 44 പേരും അഞ്ചാം ബറ്റാലിയനിൽ നിന്ന് 29 പേരും വനിതാ ബറ്റാലിയനിൽ നിന്ന് 26 പേരും പരേഡിൽ പങ്കെടുത്തു.

തിരുവനന്തപുരം പുതിയതുറ സ്വദേശി ഡോൺ ക്രിസ്റ്റോ ആയിരുന്നു പരേഡ് കമാൻഡർ. കോഴിക്കോട് വെങ്ങളം സ്വദേശി അശ്വിൻ ടി ടി പരേഡിൻറെ സെക്കൻഡ് ഇൻ കമാൻഡ് ആയി.

പരിശീലനകാലയളവിൽ മികവു തെളിയിച്ച വിവിധ ബറ്റാലിയനുകളിൽ നിന്നുള്ള റിക്രൂട്ട് സേനാംഗങ്ങൾക്ക് മുഖ്യമന്ത്രി പുരസ്കാരങ്ങൾ വിതരണം ചെയ്തു. എസ്.എ.പി, എം.എസ്.പി എന്നീ ബറ്റാലിയനുകളിൽ നിന്ന് മികച്ച ഓൾറൗണ്ടർമാർ ആയി തെരഞ്ഞെടുക്കപ്പെട്ടത് യഥാക്രമം അരവിന്ദ് വി.എസ്, അഖിൽ ടി എന്നിവരാണ്. കെ.എ.പി ഒന്നിൽ നിന്ന് ജെറോം കെ ബിജുവും കെ.എ.പി രണ്ടിൽ നിന്ന് മിഥുൻ ആറും കെ.എ.പി മൂന്നിൽ നിന്ന് വിനു വി നാഥും ഓൾറൗണ്ടർമാരായി തെരഞ്ഞെടുക്കപ്പെട്ടു. കെ.എ.പി നാലാം ബറ്റാലിയനിൽ നിന്ന് ഹിരോഷ് ബാബുവും കെ.എ.പി അഞ്ചാം ബറ്റാലിയനിൽ നിന്ന് മുഹമ്മദ് ഹാഷിം എ യും വനിതാ ബറ്റാലിയനിൽ നിന്ന് എവലിൻ അന്നാ ബേസിലും മികച്ച ഓൾറൗണ്ടർമാർക്കുള്ള പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.

പരിശീലനം പൂർത്തിയാക്കി ഇന്ന് സേനയുടെ ഭാഗമായ 339 പേരിൽ 36 പേർ എൻജിനീയറിങ് ബിരുദധാരികളാണ്. ഏഴ് എം.ബി.എക്കാർ ഉൾപ്പെടെ 30 പേരാണ് ബിരുദാനന്തരബിരുദധാരികൾ. ബി.ബി.എയും ബി.സി.എയും ഉൾപ്പെടെയുള്ള ബിരുദം നേടിയ 161 പേരും ഇന്നു സേനയുടെ ഭാഗമായി.

സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, മറ്റു മുതിർന്ന പോലീസ് ഓഫീസർമാർ, തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

***********************